പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 633 — 24.01. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി - ലെ ഒഴിവുകൾ

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി യിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ മന:പൂർവ്വമായ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബോധപൂർവ്വമായ കാലതാമസം വരുത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ 6 മാസത്തിനിടയിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ; | (എ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല. |
| (ബി) കെ.എസ്.ഇ.ബി യിൽ കാഷ്യർ /സീനിയർ അസിസ്റ്റന്റ് തസ്തികയിൽ ഏറ്റവും ഒടുവിൽ സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ഈ തസ്തികയിൽ എത്ര ഒഴിവുകളാണ് സ്ഥാനക്കയറ്റം നൽകി നികത്താൻ ബാക്കിയുള്ളതെന്ന് വെളിപ്പെടുത്താമോ; എന്തുകൊണ്ടാണ് നാളിതുവരെ ഇതിന് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ ; | (ബി) 26.02.2014. 370 ഒഴിവുകൾ നിലവിലുണ്ട്. 17.02.2017-ന് തിട്ടപ്പെടുത്തിയ ഒഴിവുകളിൽ പ്രൊമോഷൻ നൽകുന്നതിന് പ്രൊമോഷന് യോഗ്യരായവരുടെ യോഗ്യത (departmental test & account test) പരിശോധിക്കുകയും സീനിയോറിറ്റി ക്രമപ്പെടുത്തി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന നടപടിയില്ലും യഥാസമയം സ്ഥാനക്കയറ്റം നൽകാതിരിക്കുന്ന നടപടിയിലും സർക്കാർ ഏതെങ്കിലും തരത്തിലുള്ള പരിശോധനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ? | (സി) ജോലിഭാരം സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ തസ്തികകൾ നിർണ്ണയിച്ച് ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനും ആവശ്യമായ മുഴവൻ തസ്തികകളിലേക്കും നിയമനം നടത്തുന്നതിനും സമയബന്ധിതമായ നടപടികൾ സ്വീകരിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ